## പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 4696

22.03.2018-ൽ മറുപടിക്ക്

**ഡ്യൂപ്ലിക്കേറ്റ് എൽ. ഐ. സി. പോളിസി സർട്ടിഫിക്കറ്റിനുള്ള സ്റ്റാമ്പ് ഡ്യൂട്ടി**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.കെ.എസ്.ശബരീനാഥൻ** | **ശ്രീ.റ്റി.എം.തോമസ് ഐസക്**<br>**(ധനകാര്യവും കയറും വകുപ്പ് മന്ത്രി)** |
| എ) സംസ്ഥാനത്ത് എൽ. ഐ. സി. പോളിസി സർട്ടിഫിക്കറ്റ് നഷ്ടപ്പെട്ടാൽ ഡ്യൂപ്ലിക്കേറ്റ് പോളിസി സർട്ടിഫിക്കറ്റ് എടുക്കുന്നതിലേക്കായി കേരള സർക്കാർ എത്ര രൂപയാണ് സ്റ്റാമ്പ് ഡ്യൂട്ടിയായി ഈടാക്കുന്നത്; ഇത് നേരത്തെ എത്ര രൂപയായിരുന്നുവെന്നറിയിക്കാമോ; | എ) സംസ്ഥാനത്ത് എൽ. ഐ. സി. പോളിസി സർട്ടിഫിക്കറ്റ് നഷ്ടപ്പെട്ടാൽ ഡ്യൂപ്ലിക്കേറ്റ് പോളിസി സർട്ടിഫിക്കറ്റ് എടുക്കുന്നതിലേക്കായുള്ള മാർഗ്ഗ നിർദ്ദേശം അറിയുന്നതിലേക്കായി എൽ.ഐ.സി.യുടെ വെബ് സൈറ്റ് പരിശോധിച്ചതിൽ നിന്നും ഡ്യൂപ്ലിക്കേറ്റ് പോളിസി ലഭിക്കുന്നതിന് Indemnity Bond ആവശ്യമാണെന്ന് കാണുന്നു. Indemnity Bond -ന് കേരള മുദ്രപത്ര നിയമം പട്ടികയിലെ ക്രമനമ്പർ 32 പ്രകാരം 500/- രൂപ സ്റ്റാമ്പ് ഡ്യൂട്ടി ആവശ്യമാണ്. 100/- രൂപയായിരുന്ന പ്രസ്തുത നിരക്ക് 2015 -ലെ ഫിനാൻസ് ആക്ട് പ്രകാരമാണ് 500/- രൂപയായി വർദ്ധിപ്പിച്ചത്. |
| ബി) ഇതര സംസ്ഥാനങ്ങളിൽ ഇതിനായി 100 രൂപയാണ് ഈടാക്കുന്നതെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ സംസ്ഥാനത്തും ഇതിന് 100 രൂപയായി നിജപ്പെടുത്തുമോ എന്നറിയിക്കാമോ; | ബി) ഉണ്ട്. സംസ്ഥാനത്ത് ഇത് 100 രൂപയായി നിജപ്പെടുത്തുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. |
| സി) സംസ്ഥാനത്തെ എൽ. ഐ. സി. പോളിസികൾക്ക്മേൽ കേന്ദ്ര ഗവൺമെന്റ് ഏർപ്പെടുത്തിയ ജി. എസ്. ടി. പിൻവലിക്കുന്നതിനുള്ള നടപടികൾ സംസ്ഥാന സർക്കാർ സ്വീകരിക്കരിക്കുമോ? | സി) ചരക്ക സേവന നികുതി, 2017 ലെ വകുപ്പ് 11 ൽ ഉപവകുപ്പ് (1) പ്രകാരം ചരക്കുകളുടെയൊ സേവനങ്ങളുടെയോ നികുതി ഒഴിവാക്കുകയും ഭേദഗതി വരുത്തുകയും ചെയ്യുന്നതിനുള്ള അധികാരം കേന്ദ്ര ധനകാര്യമന്ത്രി ചെയർമാനായ ചരക്കുസേവന നികുതി കൗൺസിലിൽ നിക്ഷിപ്തമാണ്. |

സെക്ഷൻ ഓഫീസർ